# Malankara Syriac Orthodox Church - Europe Diocese

## വാർഷിക റിപ്പോർട്ട് 2024-2025

ത്രിയേക ദൈവത്തിന് സ്തുതി

"നമ്മുടെ കർത്താവ്, രക്ഷ പ്രാപിക്കുന്നവരെ പ്രതിദിനം സഭയിൽ ചേർത്തുകൊണ്ടിരുന്നു."

(അപ്പൊ. 2:14)

സകല ചരാചങ്ങളുടെയും സൃഷ്ടാവും അനുദിനം നമ്മെ വഴിനടത്തുകയും ചെയ്യുന്ന നമ്മുടെ രക്ഷിതാവുമായ ത്രിയേക ദൈവത്തിന് സ്തുതിയും സ്തോത്രവും കൃതജ്ഞതയും സമർപ്പിക്കുന്നു.

അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസ് ശ്ലീഹയുടെ ശ്ലൈഹീക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ഭാവയോടുള്ള യുറോപ്പ് ഭദ്രാസനത്തിന്റെയും എല്ലാ ഇടവകകളുടെയും കൂറും വിധേയത്വവും അർപ്പിച്ചു കൊണ്ട് 2024-2025 വർഷത്തെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു.

ദൈവത്തിന്റെ അളവറ്റ കൃപയാൽ, യൂറോപ്പിന്റെ വിവിധ രാജ്യങ്ങളിൽ ആയിരുന്നിട്ടും ഏറ്റവും ആത്മാർത്ഥയോടെ നമ്മുടെ ഭദ്രാസനത്തിന്റെ വളർച്ചക്കുവേണ്ടി ഒരേ മനസ്സോടെ പ്രവർത്തിക്കുന്ന വൈദികരുടെയും കൗൺസിൽ അംഗങ്ങളുടെയും അതിനെല്ലാം ഉപരി ഈ ഭദ്രാസനത്തിന്റെ നേതൃത്വം വഹിക്കുന്ന ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് തിരുമനസ്സിന്റെയും പ്രാർത്ഥനപൂവമായ സമർപ്പണത്തിലൂടെ യൂറോപ്പ് ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങൾ വളരെ ഭംഗിയായ രീതിയിൽ മുന്നോട്ട് പോകുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്താം.

യൂറോപ്പിന്റെ വിവിധസ്ഥലങ്ങളിലേക്ക് മലയാള മണ്ണിൽ നിന്നും വിശ്വാസികൾ കുടിയേറുന്ന 1980 കളുടെ നാളുകളിൽ വിശ്വാസികളെ സന്ദർശിച്ചു സഭയോട് ചേർത്തു നിർത്തുവാനും ഇടവകകൾ സ്ഥാപിക്കാനും പ്രയത്നിച്ച, കാലം ചെയ്ത പുണ്യശ്ലോകനായ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ പാവന സ്മരണക്കു മുമ്പിൽ നമുക്ക് ശിരസ്സുകളെ നമിച്ചു പ്രാർത്ഥിക്കാം. യൂറോപ്പിലെ ആദ്യകാല ഇടവകകൾക്ക് അദ്ദേഹത്തെ അവിസ്മരിക്കുക അസാധ്യമാണ്. സ്വർഗീയ ബലിപീഠത്തിൽ വിശുദ്ധരോടും മാലാഖമാരോടും ചേർന്നു നിരന്തര ബലികളും പ്രാർത്ഥനകളും അർപ്പിക്കുവാൻ ശ്രേഷ്ഠ ബാവയെ ദൈവം ഉയർത്തട്ടെ. ശ്രേഷ്ഠ ബാവയുടെ നിത്യസ്മരണക്കു മുമ്പിൽ യൂറോപ്പ് ഭദ്രാസനത്തിന്റെ പ്രാർഥനയുടെ ബാഷ്പാഞ്ജലികൾ സമർപ്പിക്കുന്നു.

യൂറോപ്പിലെ ഏകദേശം 13 രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന ഇരുപത്തിനാലോളം വരുന്ന ഇടവകകളും കോൺഗ്രിഗേഷനുകളുമാണ് ഇപ്പോൾ ഈ ഭദ്രാസനത്തിന്റെ കീഴിലുള്ളത്. അതോടൊപ്പം കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി പഠനത്തിനും ജോലിക്കുമായി അനേകം വിശ്വാസികൾ ഭാരതത്തിൽ നിന്നും യൂറോപ്പിന്റെ വിവിധ ഇടങ്ങളിലേക്ക് വന്നു കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ വിവിധ സ്ഥലങ്ങളിലായി പുതിയ ഇടവകകളും കോൺഗ്രിഗേഷനുകളും ബഹുമാനപ്പെട്ട വൈദികരുടെയും കൌൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ സ്ഥാപിതമായി വരുന്നു. പരിശുദ്ധ സഭയുടെ വിവിധ കാര്യങ്ങൾക്ക് വേണ്ടി സദാസമയവും പ്രവർത്തനനിരതനായ അഭി. തിരുമേനി തിരക്കുകൾക്കിടയിലും ഭദ്രാസനത്തിലെ എല്ലാ ഇടവകകളും സന്ദർശിക്കുന്നതിനും പുതിയ ഇടവകകൾ സ്ഥാപിക്കുന്നതിലും അതോടൊപ്പം ഓരോ രാജ്യങ്ങളിലെയും മറ്റു സഭകളിലെ മെത്രാപ്പൊലിത്തമാരെയും അതോടൊപ്പം രാഷ്ട്രീയ അധികാരികളെയും സന്ദർശിക്കുവാനും അത് വഴി ഓരോ സ്ഥലങ്ങളിലും ഇടവകൾക്ക് ആവശ്യമായ ആത്മീയവും ഭൌതീകവുമായ കാര്യങ്ങൾ ക്രമീകരിച്ചു ലഭിക്കുന്നതിനും ഇടയാകുന്നു.

യൂറോപ്പിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും വളരെ സ്നേഹത്തോടും വിധേയത്തോടും കൂടി തിരുമേനിയോടൊപ്പം ശുശ്രൂഷ ചെയ്യുന്നു. MSOT വൈദിക സെമിനാരിയുടെ റസിൻഡന്റ് മെത്രാപ്പോലിത്ത, സഭയുടെ മീഡിയ സെൽ ചെയർമാൻ, ഇതര സഭകളുമായുള്ള പരിശുദ്ധ യാക്കോബായ സഭയുടെ എക്യൂമെനിക്കൽ മൂവ്മെന്റ് പ്രസിഡന്റ് എന്നീ നിലകളിലുള്ള വളരെയധികം ഉത്തരവാദിത്വങ്ങൾക്കിടയിൽ ആണ് യൂറോപ്പ് ഭദ്രാസനത്തിന്റെ ചുമതല തിരുമേനി വഹിക്കുന്നത്. യൂറോപ്പിലെ ഓരോ പള്ളികളെയും നിലനിർത്തുന്നതിനു ആവശ്യമായ വൈദികരെ, യൂറോപ്പിലെ വിവിധ യൂണിവേഴ്സിറ്റികളിൽ സ്കോളർഷിപ്പുകൾ കണ്ടെത്തുകയും അവരെ ഉപരിപഠനത്തിൽ പ്രോത്സാഹിപ്പിക്കുകയും വൈദികർക്ക് വേണ്ട മറ്റെല്ലാ ക്രമീകരങ്ങളും അഭിവന്ദ്യ തിരുമനസ്സുകൊണ്ട് ചെയ്യുന്നു. യൂറോപ്പിലെ ഓരോ ഇടവകക്കുംവേണ്ടിയുള്ള തിരുമേനിയോടുള്ള ഭക്തിയും സ്നേഹവും ആദരവുകളും തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു.

**പുതിയ ഭാരവാഹികൾ**

2024-2026 വർഷത്തെക്കുള്ള കൗൺസിൽ പ്രവർത്തനങ്ങൾക്കായി എല്ലാ ഇടവകയിൽ നിന്നും ഈരണ്ട് മെംബേഴ്സിനെ തെരഞ്ഞെടുക്കുകയും അവരെ കൗൺസിൽ ഗ്രൂപ്പിലേക്ക് ചേർക്കുകയും ചെയ്തു. 2024 ഏപ്രിൽ 26നു അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കൗൺസിൽ മീറ്റിംഗിൽ വച്ച് ഭദ്രാസനത്തിന്റെ പുതിയ ഭാരവാഹികളെ തെരെഞ്ഞെടുത്തു.

1. ഭദ്രാസന സെക്രട്ടറി: വെരി. റെവ. ജോഷ്വ വെട്ടിക്കാട്ടിൽ റമ്പാൻ
2. ജോയിൻ സെക്രട്ടറി: ശ്രീ. വർഗീസ് എബ്രഹാം പുതുകുന്നത്ത്
3. ട്രഷറർ: ശ്രീ. ബേസിൽ തോമസ് മേനോത്തുമാലിൽ
4. പി.ആർ.ഒ. : ശ്രീ ജോളി കുരിയൻ തുരുത്തുമ്മേൽ
5. ഓഡിറ്റർ: ശ്രീ. സുധീഷ് മാത്യു പുറത്തിക്കാട്ടിൽ
5. വനിതാ സമാജം വൈസ് പ്രസിഡണ്ട്: റെവ. ഫാദർ എൽദോസ് വട്ടപറമ്പിൽ
6. യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡണ്ട്: റവ. ഫാദർ എബ്രഹാം കുരിയൻ
7. സൺഡേ സ്കൂൾ വൈസ് പ്രസിഡണ്ട്: റവ. ജോഷ്വ റമ്പാൻ വെട്ടിക്കാട്ടിൽ

**വൈദികർ**

ഉപരി പഠനത്തിനും ജോലിക്കുമായി യൂറോപ്പിലേക്ക് കടന്നു വന്ന 7 വൈദീകരാണ് നിലവിൽ യൂറോപ്പ് ഭദ്രാസനത്തിന് വേണ്ടി ഓരോ ഇടവകളിലും ശുശ്രൂഷ ചെയ്യുന്നത്. ഫാ. ഡോ. തോമസ് ജേക്കബ് മണിമല (മ്യൂണിച്ച്), ജോഷ്വ റമ്പാൻ വെട്ടിക്കാട്ടിൽ (വിയന്ന), ഫാ. എൽദോസ് വട്ടപ്പറമ്പിൽ (ഡെന്മാർക്ക്), ഫാ. പോൾ ജോർജ് പുന്നക്കൽ (സാൽസ്ബർഗ്), ഫാ. എൽജോ അവറാച്ചൻ പാലച്ചുവട്ടിൽ (ഫ്രാങ്ക്ഫർട്ട്), ഫാ. ഏലിയാസ് വർഗീസ് (ലുവൈൻ), ഫാ. എബ്രഹാം കുര്യൻ പുതുശ്ശേരി (ബെർലിൻ) എന്നവരാണ് ഓരോ ഇടവകളിലും ശുശ്രൂഷിക്കുന്നത്. അതോടൊപ്പം ഫാ. ജിജോ എ ജോൺ നെടുവക്കാട്ട് (Karlsruhe), ഫാ. എൽദോസ് ജോർജ് (ബെർലിൻ) എന്നീ വൈദികരും യൂറോപ്പിൽ താമസിച്ചു ഇടവകളെ സഹായിച്ചു വരുന്നു.

**ഭദ്രാസനത്തിലെ നിലവിലെ ഇടവകകളും വികാരിമാരും**

| | Name of Church | Country | Priest in Charge |
|---|---|---|---|
| 1 | St. Mary's Malankara Syrian Orthodox Church Vienna<br>Lainzerstrasse 154a, 1130, Vienna, Austria | AUSTRIA | Fr. Joshua Ramban Vettikkattil |
| 2 | St. Mary's Malankara Syrian Orthodox Church Switzerland<br>Schlossrainstrasse 7,5013 Niedergösgen, Switzerland | SWITZERLAND | Fr. Paul P George |
| 3 | St. Mary's Malankara Syrian Orthodox Church Malta<br>72, Triq sanguzepp Pieta, Malta | MALTA | Fr. Paul P George |
| 4 | St. Mary's Malankara Syrian Orthodox Church Munich | GERMANY | Fr. Dr. Thomas Jacob Manimala |

| | | | |
|---|---|---|---|
| | Platz der Menschenrechte 2, 81829 München, Germany | | |
| 5 | St. Mary's Malankara Syrian Orthodox Church Herne<br>Deutsche Str. 1, n, 44649 Herne, Germany | GERMANY | Fr. Dr. Thomas Jacob |
| 6 | St. George Malankara Syrian Orthodox Congregation Frankfurt<br>Homburger Straße 190, 61118 – Bad Vilbel, Germany | GERMANY | Fr. Paul P George<br>Fr. Eljo Avarachan |
| 7 | St. Elias Malankara Syrian Orthodox Congregation Berlin<br>Syrisch Orthodoxe Kirche Mor Afem, Mindener Straße 1, 10589 Berlin | GERMANY | Fr. Dr. Thomas Jacob<br>Fr. Renju Kurian |
| 8 | Malankara Syrian Orthodox Congregation Regensburg<br>Bischof-Wittmann-Straße 24A, 93051, Regensburg, Germany | GERMANY | Fr. Paul P George |
| 9 | Malankara Syrian Orthodox Congregation Erfurt<br>Catholic Priest Seminary, Holzheienstraße 15, 99084 Erfurt, Germany | GERMANY | Fr. Renju Kurian |
| 10 | St. Peter's Malankara Syrian Orthodox Congregation Hannover<br>Heilig Geist Kirche, Niggemannweg 18, 30659 Hannover, Germany | GERMANY | Fr. Renju Kurian |
| 11 | Malankara Syrian Orthodox Congregation Jena<br>St. Johannes Baptist Kirche, Wagnergasse 34, 07743 Jena, Germany | GERMANY | Fr. Renju Kurian |
| 12 | St. Mary's Malankara Syrian Orthodox Congregation Denmark<br>St. Theresa's Church, Bernstorffsvej 56, 2900 – Hellerup | DENMARK | Fr. Eldhose Vattaparambil |

| | | | |
|---|---|---|---|
| 13 | St. Mary's Malankara Syrian Orthodox Congregation Amsterdam<br>Westelijk Halfrond 1, 1183 HN Amstelveen | NEDERLAND | Fr. Joshua Ramban<br>Fr. Elias Varghese |
| 14 | St. Mary's Malankara Syrian Orthodox Church Norway<br>Eikeli Katolske Kirke, Veståsen 18, 1362 Oslo, Norway | NORWAY | Fr. Eldhose Vattaparambil |
| 15 | St. Mary's Malankara Syrian Orthodox Congregation Gothenburg<br>Kungsladugårds kyrka, Majgatan 2, 414 75 Göteborg, Sweden | SWEDEN | Fr. Eldhose Vattaparambil |
| 16 | St. Elias Malankara Syrian Orthodox Congregation Stockholm<br>Teologiska Högskolan Stockholm, Åkeshovsvägen 29, 168 39 Bromma, Sweden | SWEDEN | Fr. Eldhose Vattaparambil |
| 17 | St. Peter's & St. Paul's Malankara Syrian Orthodox Church Rome<br>Figlie della chiesa, Viale Vaticano 62, Rome | ITALY | Fr. Joshua Ramban<br>Fr. Elias Varghese |
| 18 | Malankara Syriac Orthodox Congregation Napoli<br>Santa Chiara Church, Via Raffaele Libroia, 86, Nocera Inferiore, Salerno, Napoli | ITALY | |
| 19 | Malankara Syriac Orthodox Congregation Sicily<br>Chiesa di sant Febronia, Via Vizzolo 9, Patti, Sicily | ITALY | |
| 20 | Malankara Syriac Orthodox Congregation Warsaw<br>Chapel of St. Gregory Paradze, Lelechowska 5, 02-351, Warsaw, Poland | POLAND | Fr. Joshua Ramban |
| 21 | Malankara Syriac Orthodox Congregation Krakow<br>Sanctuary of Bozego Milosierdzia kapele, Sanctury of Divine Mercy, Krakow, Poland | POLAND | Fr. Joshua Ramban |

| | | | |
|---|---|---|---|
| 22 | St. Mary's Malankara Syrian Orthodox Congregation Varna, Bulgaria<br>St. Michael Chapel, bul. "Knyaz Boris I" 80, 9002, Centre, Varna | BULGARIA | Fr. Joshua Ramban |
| 23 | St. Maria & St. Shmuni - Syrisch Orthodoxe Kirche, Winsener Str. 187, 21077 Hamburg | GERMANY | Fr. Renju Kurian |
| 24 | Malankara Syriac Orthodox Congregation Stuttgart, Germany | GERMANY | Fr. Renju Kurian |

**ഭക്ത സംഘടന പ്രവർത്തനങ്ങൾ**

അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വിവിധ ഭക്ത സംഘടന പ്രവർത്തനങ്ങൾ വളരെ ഭംഗിയായി ഏകോപിപ്പിച്ചു പോയിക്കൊണ്ടിരിക്കുന്നു.

**i. വനിതാസമാജം പ്രവർത്തനങ്ങൾ**

ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചൻറെ നേതൃത്വത്തിൽ വനിതാസമാജത്തിൻറെ പ്രവർത്തനങ്ങൾ സഭയ്ക്ക്, പ്രത്യേകിച്ച് യൂറോപ്പ് ഭദ്രാസനത്തിന് ഏറെ അഭിമാനമാകുന്ന വിധത്തിൽ വ്യത്യസ്തമായ പ്രവർത്തനങ്ങളോടുകൂടി മുന്നിട്ട് നിൽക്കുന്നു. 2022 മാർച്ച് 15 നു വാട്സ്ആപ്പ് ഗ്രൂപ്പ് വഴി ആരംഭിച്ച ചെയിൻ പ്രാർത്ഥന എല്ലാ ദിവസവും മുടങ്ങാതെ അര മണിക്കൂർ വിവിധ ഇടവകകളിൽ നിന്നുള്ള സമാജ അംഗങ്ങൾ നടത്തി വരുന്നു. 40ഓളം മെമ്പേഴ്സ് ഈ പ്രാർത്ഥനയിൽ ഉത്സാഹത്തോടെ പങ്കെടുക്കുന്നു.

അതോടൊപ്പം കേരളത്തിലെ പരിശുദ്ധ യാക്കോബായ സഭയിലെ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വനിതാ സമാജ യൂണിറ്റിന് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ട്രോഫിയും അടങ്ങുന്ന എക്സലൻസ് അവാർഡ് നൽകി പരിശുദ്ധ സഭയുടെ വനിതാ സമാജം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ യൂറോപ്പ് ഭദ്രാസന വനിതാ സമാജം പങ്കു വഹിക്കുന്നു. കഴിഞ്ഞ വർഷം മൈലപ്പൂർ ഭദ്രാസനത്തിലെ Chennai AnnaNagar St. Thomas Jacobite Syrian Church ലെ വനിതാ സമാജം യൂണിറ്റ് വിജയികളായി . 2024 മെയ് 25 Mannoor St George Shalem Jacobite Syrian Church ഇൽ വച്ചു നടന്ന അഖില മലങ്കര മർത്തമറിയം വനിത സമാജം വാർഷിക ക്യാമ്പിൽ വച്ചു മലങ്കര മെത്രാപോലീത്ത അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപോലീത്തയും യൂറോപ്പ് ഭദ്രാസന മർത്ത മറിയം വനിത സമാജം പ്രസിഡന്റ് അഭിവന്ദ്യ കുര്യാക്കോസ് മോർ തേയോഫിലോസ് മെത്രാപോലീത്തയും അഖില മലങ്കര മർത്ഥമറിയം വനിത സമാജം പ്രസിഡന്റ് അഭിവന്ദ്യ സഖാറിയാസ് മോർ പീലെക്സിനോസ് മെത്രാപോലീത്തയും ചേർന്ന് Chennai Anna Nagar St Thomas JSC

പള്ളിയിലെ വനിത സമാജം യൂണിറ്റിന് MSOC Europe Excellency Award 2024 സമ്മാനിച്ചു. ഈ അവസരത്തിൽ യൂറോപ്പ് ഭദ്രാസന വനിത സമാജത്തെ പ്രതിനിധീകരിച്ചു Joint Secretary ശ്രീമതി ജെസ്സി തുരുത്തുമ്മേൽ സന്നിഹിത ആയിരുന്നു. 2025 ജനുവരി 29 നു അഭി. ഇടവക മെത്രാപോലീത്ത യുടെ അധ്യക്ഷതയിൽ കൂടിയ ജോഗത്തിൽ വച്ച് 2025-27 വർഷത്തെ വനിതാ സമാജ ഭാര വാഹികളെ തെരഞ്ഞെടുത്തു. സെക്രട്ടറി: ശ്രീമതി ടീന ജോസഫ് (ജർമ്മനി), ജോ.സെക്രട്ടറി: ശ്രീമതി അന്നമ്മ മോൻസി (സ്വിറ്റ്സർലൻഡ്), ട്രഷറർ: ശ്രീമതി മെറിൻ കുഞ്ഞുമോൻ (മാൾട്ട), ജോ. ട്രഷറർ: ശ്രീമതി സീന ചാക്കോ (ഡെന്മാർക്ക്), എക്സ് ഓഫീഷ്യോ: ശ്രീമതി ജെസ്സി തുരുത്തുമ്മേൽ (ഓസ്ട്രിയ) എന്നിവർ ആണ് പുതിയ ഭാരവാഹികൾ.

## ii. സൺഡേസ്കൂൾ

2020ലെ കൊറോണ കാലഘട്ടങ്ങളിൽ ആരംഭിച്ച ഓൺലൈൻ സൺഡേസ്കൂൾ പ്രസ്ഥാനം യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സൺഡേ സ്കൂൾ കുട്ടികളെ ചേർത്തുവച്ചുകൊണ്ട് ഭംഗിയായി മുന്നോട്ടു പോകുന്നു. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണി മുതൽ മൂന്നര വരെയുള്ള സമയങ്ങളിൽ ഓൺലൈൻ വഴിയായി സൺഡേ സ്കൂൾ കുട്ടികൾക്ക് ക്ലാസുകൾ എടുത്തു വരുന്നു. ഏകദേശം മുപ്പതോളം അധ്യാപകർ അവരുടെ അകമഴിഞ്ഞ സഹായവും സമർപ്പണവും വഴി കുഞ്ഞുങ്ങൾ വളരെ ഉത്സാഹത്തോടുകൂടി ആത്മീയ പഠനകാര്യങ്ങളിൽ വ്യാപൃതമാകുവാനും ഇടയാകുന്നു. ഏകദേശം 140 ഓളം വിദ്യാർഥികൾ ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസുകളിലായി പഠിക്കുന്നുണ്ട്. ഇടവകളോ മറ്റ് കൂട്ടായ്മകളോ ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവർക്കും ഇത് ഏറെ പ്രയോജനകരമായി ഉപയോഗിക്കപ്പെടുന്നു.

ഓൺലൈൻ സൺഡേ സ്കൂൾ നടത്തുന്നതിനോടൊപ്പം എല്ലാ പള്ളികളിലും വിശുദ്ധ കുർബ്ബാനക്ക് മുൻപോ ശേഷമോ കുട്ടികൾക്കായി നേരിട്ടുള്ള സൺഡേ സ്കൂളുകളും നടത്തപ്പെടുന്നു. ഇത് കുട്ടികൾക്ക് ഇടവകയോട് ചേർന്ന് വളർന്ന് വരുന്നതിനും അധ്യാപകരോടും വൈദികരോടുമുള്ള ബന്ധം ആഴപ്പെടുത്തുന്നതിനും ഇടയാക്കുന്നു.

അതോടൊപ്പം മൂനിച്ച് ഇടവകയിൽ 12 അധ്യാപകരുടെ നേതൃത്വത്തിൽ 35 ഓളം വിദ്യാർഥികൾ മാസത്തിൽ മൂന്നു ഞായറാഴ്ച്ചകളിലായി സൺഡേ സ്കൂൾ പഠനം നടത്തുന്നു. മ്യൂണിച്ച് സൺഡേ സ്കൂൾ പ്രധാന അധ്യാപികയായി ശ്രീമതി മീനു റെജി ശുശ്രൂഷ ചെയ്യുന്നു.

വിദ്യാർഥികളുടെ കലാ സാംസ്കാരിക കഴിവുകൾ വളർത്തുന്നതിനായി എല്ലാ വർഷവും പ്രസീദ്ധീകരിക്കുന്നഇ-മാഗസിൻ കഴിഞ്ഞ വർഷവും അതിന്റെ മൂന്നാമത്തെ പതിപ്പ് “കെറുബീം 2024” എന്ന പേരിൽ മുംബൈ, അയർലണ്ട് ഭദ്രാസനാധിപൻ അഭി. തോമസ് മോർ

അലക്സന്ത്രയോസ് തിരുമനസ്സ് കൊണ്ട് 2024 ഒക്ടോബർ 13-ന് സൺഡേസ്കൂൾ കുട്ടികൾക്കായി പ്രകാശനം ചെയ്തു. ശ്രീമതി നാൻസി കോര എഡിറ്റർ ആയ മാഗസിൻ പ്രവർത്തനങ്ങൾക്ക് എല്ലാ വൈദികരുടെയും അധ്യാപകരുടെയും മതാപിതാക്കൻമാരുടെയും ആത്മാർത്ഥമായ സമർപ്പണവും പ്രോത്സാഹനവും ഉണ്ടായിരുന്നു. മാഗസിൻ ഭദ്രാസന വെബ്സൈറ്റിൽ ലഭ്യമാണ്.

വേനൽ അവധിക്കാലത്ത് നടത്തപ്പെടുന്ന വി. ബി. എസ്. 2024 ഓഗസ്റ്റ് 15, 16, 17 തീയതികളിൽ ഫ്രാങ്ക്ഫർട്ട് സെന്റ് ജോർജ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വിയന്നയിൽ നിന്നും ഹെർണിൽ നിന്നും വന്ന കുട്ടികൾക്കായി താമസത്തിനായി വീടുകൾ ക്രമീകരിച്ച ഫ്രാങ്ക്ഫർട്ട് ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും പ്രത്യേക നന്ദി അർപ്പിക്കുന്നു. വന്ദ്യ ജോഷ്വ റമ്പാച്ചൻ ബഹുമാനപ്പെട്ട ഫാ. എൽജോ അവറാച്ചൻ, ഫാ. റെഞ്ചു കുര്യൻ, ഫ്രാങ്ക്ഫർട്ട് സുറിയാനി പള്ളിയിലെ ഫാ. ഷർബിൽ എന്നിവർ നേതൃത്വം നൽകി. ഫ്രാങ്ക്ഫർട്ട്, വിയന്ന, ക്രാക്കോ എന്നിവിടങ്ങളിൽ നിന്നുള്ള അധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഏകദേശം 30 വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി.

2024 നവംബർ 1, 2, 3 തീയതികളിൽ ഏകദേശം 18 വിദ്യാർത്ഥികൾക്കായി ശ്രീമതി ബെഞ്ചി ഡാനിയേലിന്റെ നേതൃത്വത്തിൽ മറ്റു 12 അധ്യാപകരുടെ സഹകരത്തോടെ മ്യൂണിക്ക് സെന്റ് മേരീസ് പള്ളിയിലെ വി.ബി.എസ്. നടത്തപ്പെട്ടു.

അതോടൊപ്പം വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കഴിവുകളും താൽപ്പര്യ അഭിരുചികളും മെച്ചപ്പെടുത്തുന്നതിനായി, സെമിനാറുകൾ, ടാലന്റ്സ് ദിനാഘോഷങ്ങൾ, ബൈബിൾ ക്വിസ്, ഉപന്യാസ മത്സരം തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങളും ഓൺലൈൻ വഴിയായും ഇടവക തലങ്ങളിലും സംഘടിപ്പികുകയുണ്ടായി.

സൺഡേ സ്കൂൾ വൈസ് പ്രസിഡന്റായി വന്ദ്യ ജോഷ്വ റമ്പാൻ, ഡയറക്ടറായി ശ്രീ സുധീഷ് മാത്യു, പരീക്ഷ ഇൻസ്പെക്ടറായി വിനീത് വർഗീസ്, സ്റ്റാഫ് സെക്രട്ടറിയായി ക്രിസ്റ്റോ യോഹന്നാൻ എന്നിവർ പ്രവർത്തിക്കുന്നു. കൂടാതെ ശ്രീ എൽദോസ് പാൽപ്പാത്ത്, ഷെവലിയാർ കുര്യാക്കോസ്, ശ്രീമതി സിന്ധു അബ്ജിൻ എന്നിവരുടെ നിസ്തുല പ്രവർത്തനങ്ങൾ ഈ പ്രസ്ഥാനത്തിന്റെ ശക്തി സ്രോതസ്സായി നിൽക്കുന്നു. എല്ലാ വൈദികരുടെയും, ശെമ്മാശൻമാരുടെയും, വിവിധ ഇടവകകളിൽ നിന്നുള്ള അധ്യാപകരുടെയും അത്മാർത്ഥമായ സമർപ്പണം ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നു.

### iii. യൂത്ത് അസോസിയേഷൻ

ഭദ്രാസന യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് ബഹുമാനപ്പെട്ട എബ്രഹാം കുര്യൻ അച്ചന്റെ നേതൃത്വത്തിൽ യൂത്ത് അസോസിയേഷൻ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി

മുന്നോട്ടു പോകുന്നു. മാസത്തിലൊരിക്കൽ ഓൺലൈൻ വഴിയായി വിവിധ സാമൂഹിക തലങ്ങളിലെ വിഷയങ്ങൾ സംബന്ധിച്ചു ക്ലാസുകളും ചർച്ചകളും വഴി ഭദ്രാസനത്തിലെ യുവതി യുവാക്കളെ സഭ വിശ്വാസത്തോട് ചേർത്ത് നിർത്തുവാൻ പരിശ്രമിക്കുന്നു. ഈ വർഷകാലയളവിൽ അഭിവന്ദ്യ ഇടവക മെത്രാപ്പോലിത്ത, വന്ദ്യ ജോഷ്വ റമ്പാൻ, ബഹു. ഫാ. ഡോ. ജേക്കബ് ജോസഫ് (ഓസ്‌ട്രേലിയ), ബഹു.ഫാ. ഡോ. തോമസ് ജേക്കബ് മണിമല എന്നീ വൈദികർ ക്ലാസുകൾ എടുത്തു. നിലവിൽ സെക്രട്ടറി: ശ്രീ ഐസക് റോയി, ജോയിന്റ് സെക്രട്ടറി: ശ്രീമതി അനിറ്റ തോമസ്, ട്രഷറർ: ശ്രീ ബേസിൽ റെജി, കമ്മിറ്റി മെംബേഴ്സായി ശ്രീ നിർമൽ കുരിയൻ, ശ്രീ ബിനോയ് വർഗീസ്, ശ്രീ ടോണി എബ്രഹാം, ശ്രീ ബെൻ ബേസിൽ, ശ്രീമതി ഷെറിൻ ചാണ്ടി, ശ്രീ ബേസിൽ ജയിംസ് എന്നിവർ നേതൃത്വം കൊടുക്കുന്നു. കാലം ചെയ്ത ശ്രേഷ്ഠ ഭാവയുടെ പാവന സ്മാരക്കായി ഓൺലൈൻ വഴി ക്രമീകരിച്ച അനുശോചന സമ്മേളനത്തിൽ യൂറോപ്പിലെ വിവിധ ഇടങ്ങളിൽ നിന്നുള്ള എല്ലാ യുവതി യുവാക്കളും പങ്കെടുക്കുകയുണ്ടായി.

**യാമ പ്രാർത്ഥനകളും നോമ്പ് നമസ്കാരങ്ങളും**

എല്ലാ ദിവസങ്ങളിലും രാവിലെ 7 മണിക്കും വൈകിട്ടി 7 മണിക്കും ഓൺലൈൻ വഴിയായി യാമ നമസ്കാരങ്ങൾ മുടങ്ങാതെ നടത്തി വരുന്നു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥനകളിൽ അനേകം വിശ്വാസികൾ മുടങ്ങാതെ ഇതിൽ പങ്കെടുക്കുന്നു. പുതിയ തലമുറകൾക്ക് പ്രാർത്ഥനകൾ പഠിക്കുന്നതിനും അത് ഏറ്റു ചൊല്ലുന്നതിനും ഇത് ഏറെ സഹായകമാവുന്നു. അതോടൊപ്പം വലിയ നോമ്പിന്റെ ദിവസങ്ങളിൽ ഉച്ച നമസ്കാരവും എല്ലാ വെള്ളിയാഴ്ചയും ഉപവാസ പ്രാർത്ഥനകളും വചന ശുശ്രൂഷയും നടത്തി വരുന്നു.

**പ്രീമാരിറ്റൽ കൗൺസിലിംഗ് കോഴ്‌സ്**

വിവാഹത്തിന് വേണ്ടി ഒരുങ്ങുന്ന യുവതി യുവാക്കന്മാർക്കായി ഭദ്രാസനത്തിൻറെ നേതൃത്വത്തിൽ മാര്യേജ് പ്രിപ്പറെഷൻ കോഴ്‌സുകൾ വർഷത്തിൽ നാല് തവണകളിലായി നടത്തി വരുന്നു. ബഹുമാനപ്പെട്ട ജോഷ്വ വെട്ടിക്കാട്ടിൽ റമ്പാൻ കോഴ്‌സ് ഡയറക്ടർ ആയും, ഫാ. ഡോ. തോമസ് ജേക്കബ്, ഫാ. എൽദോസ് വട്ടപ്പറമ്പിൽ എന്നിവർ നേതൃത്വവും നൽകുന്നു. 2024 കാലയളവിൽ 5 തവണ നടത്തിയ കോഴ്‌സിൽ 72 പേർ പങ്കെടുത്തു. 2021 മുതൽ 2025 വരെ 152 പേർ ഈ കോഴ്‌സിൽ പങ്കെടുകുകയുണ്ടായി.

**ഹാശാ ആഴ്ച കൺവെൻഷൻ**

ഹാശാ ആഴ്ചയിലെ ആദ്യത്തെ മൂന്ന് ദിവസങ്ങളിൽ നടത്തിവരുന്ന ത്രിദിന പാഷൻ വീക്ക് കൺവെൻഷൻ 2024 മാർച്ച് 24, 25, 26 തീയതികളിൽ (ഓശാന ഞായർ, തിങ്കൾ, ചൊവ്വ)

വൈകുന്നേരം 6 മുതൽ 8 വരെ ഓൺലൈനായി നടന്നു. റവ. ഫാ. ഡോ. ജേക്കബ് ജോസഫ് (ഓസ്ട്രേലിയ), റവ. ഫാ. ഡോ. തോമസ് എബ്രഹാം (തിരുവല്ല), റവ. ഫാ. ആബി മാത്യു (ഒന്റാറിയോ, കാനഡ) വചന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നും ഏകദേശം 80 പേർ പങ്കെടുത്തു. ഇത് ഹാശാ ആഴ്ചയിൽ വിശ്വാസികൾക്ക് ഏറെ ആത്മീയ ഉണർവിനും ഒരുക്കത്തിനും പ്രാർത്ഥനകൾക്കും ഇടയാക്കിതീർത്തു.

ദൈവത്തിന്റെ കൃപയാലും കാരുണ്യത്താലും, താഴെപ്പറയുന്ന പള്ളികളിൽ പീഡാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾ പൂർണ്ണമായോ ഭാഗികമായോ നടത്താൻ സാധിച്ചു.

| Parish Name | Palm Sunday | Pesaha | Good Friday | Easter |
|---|---|---|---|---|
| St. Mary's Vienna | 24th Mar, 09:00 | 27th Mar, 19:00 | 29th Mar, 09:00 | 31st Mar, 09:00 |
| St. Mary's Swiss | 24th Mar, 09:30 | 27th Mar, 18:00 | 29th Mar, 09:30 | 31st Mar, 09:30 |
| St. Mary's Munich | 24th Mar, 13:30 | 27th Mar, 18:00 | 29th Mar, 11:30 | 31st Mar, 13:00 |
| St. Mary's Malta | 24th Mar, 18:30 | 27th Mar, 19:00 | 29th Mar, 08:00 | 30th Mar, 18:30 |
| St. Mary's Herne | 23rd Mar, 10:00 | 27th Mar, 18:00 | 29th Mar, 10:00 | 30th Mar, 15:30 |
| St. Thomas Amsterdam | 23rd Mar, 17:30 | 27th Mar, 17:30 | 29th Mar, 07:00 | 30th Mar, 23:00 |
| St. George Frankfurt amMain | 23rd Mar, 10:00 | 27th Mar, 17:30 | 29th Mar, 09:00 | 30th Mar, 13:00 |
| St. Elias Berlin | 24th Mar, 13:30 | 27th Mar, 18:30 | 29th Mar, 09:30 | 30th Mar, 18:30 |
| MSOC Center, Brussels | 24th Mar, 15:00 | 28th Mar, 09:00 | 29th Mar, 18:30 | 30th Mar, 19:00 |
| St. Mary's Denmark | 24th Mar, 16:00 | | | |
| St. Peter's Hannover | | | | 31st Mar, 13:00 |
| St. Mary's Norway | 23rd Mar, 08:30 | | | |
| St. Mary's Gothenburg | | | 29th Mar, 10:00 | 30th Mar, 15:30 |

| | | | | |
|---|---|---|---|---|
| MSOC Center Krakow | 23rd Mar, 10:00 | | | |
| MSOC Center Warsaw | | | | 30th Mar, 20:00 |
| St. Basil Hamburg | | | | 31st Mar, 13:30 |

### നുഹറൊ - ക്രിസ്തുമസ് കരോൾ ഗാന മത്സരം

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിൻറെ പിറവി ആഘോഷങ്ങളുടെ ഭാഗമായി ഭദ്രാസനത്തിലെ എല്ലാ ഇടവകകളെയും ഏകോപിപ്പിച്ചു കൊണ്ട് ഡിസംബർ 13 സന്ധ്യക്ക് ക്രിസ്തുമസ് കരോൾ ഗാന മത്സരം **നുഹറൊ 2024** ഇടവക മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. 16 ഇടവകകളിൽ നിന്നുമുള്ള കരോൾ ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. 200 യൂറോയുടെ ഒന്നാം സമ്മാനം ബേസിൽ ബേബിച്ചൻ (ആംസ്റ്റർഡാം), 150 യൂറോയുടെ രണ്ടാം സമ്മാനം കമാൻഡർ ജോർജ്ജ് പടിക്കക്കുടി (വിയന്ന), 100 യൂറോയുടെ മൂന്നാം സമ്മാനം യൂറോഫൈൻ ഇംപോർട്ട് ആൻഡ് എക്സ്പോർട്ട് ജിഎംബിഎച്ച് (ജർമ്മനി) എന്നിവരാണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്. നെതർലാൻഡ്സിലെ ആംസ്റ്റർഡാമിൽ നിന്നുള്ള സെന്റ് തോമസ് ഇടവക ടീമിന് ഒന്നാം സമ്മാനവും, പോളണ്ടിലെ വാർസോയിൽ നിന്നുള്ള മലങ്കര സുറിയാനി ഇടവക ടീമിന് രണ്ടാം സമ്മാനവും, നോർവേയിലെ ഓസ്ലോയിൽ നിന്നുള്ള സെന്റ് മേരീസ് ഇടവക ടീമിന് മൂന്നാം സമ്മാനവും ലഭിച്ചു. എത്രയും ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചൻ മത്സരങ്ങൾക്ക് നേതൃത്വം നൽകി. ഇടവകളിലെ എല്ലാവരുടേയും ആത്മീയ സഹകരണത്തിനും പരസ്പര ബന്ധങ്ങൾ ആഴപ്പെടുത്തുന്നതിനും ഇത് സഹായകമാവുകയും ഭദ്രാസനത്തിലെ പ്രവർത്തനങ്ങളുടെ മാറ്റുകൂട്ടുന്നതിനും ഇത് ഇടയാവുകയും ചെയ്തു.

### വരവ് ചിലവ് കണക്കുകൾ

ഭദ്രാസനത്തിന്റെ അനുദിന ചെലവുകളുടെ കണക്കുകൾ, ബാങ്കിൽ ഒരു സബ് അക്കൗണ്ട് തുടങ്ങി കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന ഭദ്രാസന ട്രഷറർ ശ്രീ ബേസിൽ തോമസ് മേനോത്തുമാലിനോടുള്ള കൗൺസിലിന്റെ നന്ദി അറിയിക്കുന്നു. അതോടൊപ്പം ഭദ്രാസന ചെലവുകളിലേക്കായി സംഭാവനകൾ നൽകി സഹകരിക്കുന്ന ഓരോ ഇടവകയോടും ഇടവക ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു. കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്ത ഭദ്രാസന ഓഡിറ്റർ ശ്രീ സുധീഷ് മാത്യുവിനോടുള്ള കൗൺസിലിന്റെ കൃതജ്ഞതയും അർപ്പിക്കുന്നു.

## വെബ്സൈറ്റ്, സോഷ്യൽ മീഡിയ സെൽ

ഭദ്രാസനത്തിന്റെയും ഇടവകകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് വിശ്വാസികളെ അറിയിക്കുന്നതിനായി ഒരു വെബ്സൈറ്റ് https://msoc-europe.com/ എന്ന അഡ്രെസ്സിൽ ഭദ്രാസനത്തിന് വേണ്ടി പ്രവർത്തിച്ചു വരുന്നു. അതിനു പുറമേ സാമൂഹികമാധ്യമങ്ങൾ ആയ ഫെയ്സ്ബുക്ക്പേജ്, ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവയിലൂടെ സഭാപരമായ വാർത്തകളും ആശയങ്ങളും ഷെയർ ചെയ്യുന്നു. പി.ആർ.ഒ. എന്ന നിലയിൽ ഭദ്രാസനത്തിന്റെയും ഓരോ പള്ളികളുടെയും അതോടൊപ്പം സഭാപരമായ മറ്റെല്ലാ വാർത്തകളും വളരെ കൃത്യതയോടെ സോഷ്യൽ മീഡിയകളിലൂടെ എഴുതി അറിയിക്കുന്ന എത്രയും ബഹുമാനപ്പെട്ട ശ്രീ തുരുത്തുമ്മേൽ ജോളി ചേട്ടനോടുള്ള കൗൺസിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്തുന്നതിനായി ഭദ്രാസന വെബ്സൈറ്റിൽ ഒരു മാട്രിമോണി സൈറ്റ് കൂടെ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും അതിനായി നമ്മുടെ ഭദ്രാസന വെബ്സൈറ്റിൽ ഒരു പേജ് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. യൂറോപ്പിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമായി ഇതുവരെ 27 ആളുകൾ ഇതിൽ രജിസ്റ്റർ ചെയ്തു സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നു.

## നന്ദി സമർപ്പണം

നമ്മെ അനുദിനം വഴി നടത്തുന്ന സർവ്വ ശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായോടും മലങ്കരയുടെ നിയുത്ക കാതോലിക്കയും മലങ്കര മെത്രാപ്പോലിത്തയും ആയ മോർ ജോസഫ് ഗ്രിഗോറിയോസ് തിരുമേനിയോടും നമ്മുടെ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് തിരുമേനിയോടും വളരെയധികം ബുദ്ധിമുട്ടുകൾക്കിടയിലും പഠന-ജോലി തിരക്കുകൾക്കിടയിലും ഓരോ പള്ളികളുടെയും ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന എല്ലാ പ്രിയ വൈദിക ശ്രേഷ്ഠരോടും ഭദ്രാസനത്തിന്റെ വളർച്ചുവേണ്ടി അക്ഷീണം പ്രയത്നിക്കുന്ന കൌൺസിൽ അംഗങ്ങളോടും ഇടവക അംഗങ്ങളോടുള്ള ഹൃദയംഗമായ നന്ദി അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഭദ്രാസന കൌൺസിലിന് വേണ്ടി

ഭദ്രാസന സെക്രട്ടറി: ഫാ. ജോഷ്വ റമ്പാൻ വെട്ടിക്കാട്ടിൽ

ഭദ്രാസന ജോയിന്റ് സെക്രട്ടറി: വർഗീസ് അബ്രഹാം പുതുകുന്നത്ത്

17/03/2025

Vienna